പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 85 — 30/10/2019 ൽ മറുപടിക്ക്

## മൃഗസംരക്ഷണ പദ്ധതികൾ

ചോദ്യം

ശ്രീ. എം.ഉമ്മർ
ശ്രീ.സി.മമ്മൂട്ടി
ശ്രീ.അബ്ദുൽ ഹമീദ് പി.
ശ്രീ. പി.കെ.ബഷീർ:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | എ) | 1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം<br>2. കന്നുകാലി വികസന പദ്ധതി<br>3.കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)<br>4. ഊർജ്ജിത കന്നുകാലി വികസനം -ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ<br>5. ബാക്ക് യാർഡ് പൗൾട്രി ഡവലപ്മെന്റ് പ്രോജക്ട്<br>6. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി(ഗോസമൃദ്ധി)<br>7. ആട് വളർത്തൽ യൂണിറ്റുകൾ.<br>8. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി.<br>9. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി.<br>10.2018-19 ൽ പുതുതായി ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ<br>a)മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി.<br>b)വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി<br>c)മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം<br>11. കോഴി വളർത്തൽ പദ്ധതി<br>12. വെറ്ററിനറി സേവനം<br>13.കർഷക പരിശീലന പരിപാടികൾ<br>14. വികസനവും പരിശീലനവും<br>15 .സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനിക വൽക്കരണവും<br>16..ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്<br>17 കന്നുകാലി ആരോഗ്യസംരക്ഷണവും രോഗ നിയന്ത്രണവും (60% കേന്ദ്ര സഹായം) |

| | | | |
|---|---|---|---|
| | | | 18. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ(60% കേന്ദ്ര സഹായം)<br>19..മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വെയും (50% കേന്ദ്ര സഹായം)<br>20.കന്നുകാലി സെൻസസ്-(100% കേന്ദ്ര സഹായം)<br>21.കേരള സംസ്ഥാനപൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം.<br>22.കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം<br>23..കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുള്ള സഹായം<br>24.മൃഗചികിൽസ സേവനവും മൃഗാരോഗ്യവും<br>25. കന്നുകാലി എരുമ സംവർദ്ധനം<br>26 വികസനവും പരിശീലനവും<br>27.ആർ.ഐ.ഡി.എഫിന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ<br>28.പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്- എം.പി.ഐ<br>**29.** പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്-കേരള ഫീഡ്സ് |
| ബി) | ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ബി) | 1. <u>ആട് വളർത്തൽ യൂണിറ്റുകൾ</u><br>വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. 2018-19 ൽ ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 140 യൂണിറ്റുകൾ സ്ഥാപിച്ചു. 2019-20 ൽ 191 യൂണിറ്റുകൾ സ്ഥാപിക്കും.<br>2.<u>മാംസാവശ്യത്തിനായി പോത്തുകുട്ടിവളർത്തൽ പദ്ധതി</u><br>മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000/- രൂപ ധനസഹായം ലഭിക്കും. 2018-19 ൽ 995 പേർക്ക് സഹായം ലഭിച്ചു. 2019-20 ൽ 891 പേർക്ക് സഹായം ലഭിക്കും.<br>3. <u>മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി</u><br>മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000/- രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2018-19 ൽ സംസ്ഥാനമൊട്ടാകെ 6000 പേർക്ക് പദ്ധതി കൊണ്ട് ആശ്വാസം ലഭിച്ചു. 2019-20 ൽ 3778 പേർക്ക് സഹായം ലഭിക്കും. |

| | | | |
|---|---|---|---|
| | | | 4. മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം -(heifer rearing)<br>2019-20 ൽ പുതിയതായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഒരു യൂണിറ്റിന് 25000 രൂപ വീതം 1120 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും |
| സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുതു സംരംഭകരെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | സി) | ഉണ്ട്. പലിശ സബ്സിഡി നൽകുക വഴി പുതു സംരംഭകരെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കാനും യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ